(ബി—ജി) ട്രാവൻകൂർ റയോൺസ് പുനരുദ്ധരിക്കാൻ ഒരു പുതിയ പ്രമോട്ടറെ ക്ഷണിച്ചുകൊണ്ട് ഓപ്പറേറ്റിംഗ് ഏജൻസിയായ ഐ. ഡി. ബി. ഐ. 1999 അവസാനത്തോടുകൂടി പരസ്യം നൽകിയെങ്കിലും ആരും മുന്നോട്ട് വന്നില്ല. തുടർന്ന് കമ്പനി അടച്ചുപൂട്ടുവാൻ ബി. ഐ. എഫ്. ആർ. ശുപാർശ ചെയ്തു. മേൽ സൂചിപ്പിച്ച എൻ. ഡി. ഇ. ഇ. ഗ്രൂപ്പിന്റെ പുനരുദ്ധാരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതുമൂലം അടച്ചുപൂട്ടൽ നടപടി ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

പുതിയ പ്രമോട്ടറുമായി ഔപചാരികമായി സർക്കാർ ഇനിയും കരാർ ഒപ്പു വച്ചിട്ടില്ല. എന്നാൽ 23-6-2004 തീയതിയിലെ ജി. ഒ. (എം. എസ്.) 69/04/ഐ.ഡി. ഉത്തരവ് പ്രകാരം കരാർ ഒപ്പിടുന്നതിന് അനുമതി നൽകുകയും കരട് കരാർ പത്രത്തിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

കരട് കരാർ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ ഗ്യാരണ്ടി നൽകി വാങ്ങിയവ ഉൾപ്പെടെയുള്ള കമ്പനിയുടെ കടബാദ്ധ്യതകൾ പ്രമോട്ടർ ഏറ്റെടുക്കുന്നതും ഒറ്റത്തവണ തീർപ്പാക്കൽ പ്രക്രീയയിൽകൂടി (One Time Settlement) തീർപ്പാക്കുന്നതുമാണ്. സർക്കാരിനും സർക്കാർ ഏജൻസികൾക്കുമുള്ള ബാദ്ധ്യതകളും മേൽ വ്യവസ്ഥപ്രകാരം തീർപ്പാക്കുന്നതാണ്.

വൈദ്യുതി ചാർജ്, വിൽപ്പന നികുതി എന്നിവ ഗഡുക്കളായി അടയ്ക്കുന്നതിനുള്ള അനുവാദം, പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ എന്നിവയാണ് പുതിയതായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഇളവുകളും ആനുകൂല്യങ്ങളും.

(എച്ച്) കമ്പനിക്ക് പൾപ്പുണ്ടാക്കാൻ യൂക്കാലിപ്റ്റ്സോ, റിസർവ് വനമോ, സർക്കാർ കൈവശ ഭൂമിയോ നൽകുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് മുതലായ സ്ഥാപനങ്ങൾക്ക് പ്രസ്തുത സ്ഥാപനങ്ങളുമായി വനം വകുപ്പ് ഒപ്പ് വച്ചിട്ടുള്ള കരാർപ്രകാരം നൽകേണ്ടുന്ന അസംസ്കൃത പദാർത്ഥങ്ങൾ നൽകിയശേഷം ലഭ്യമായ സംസ്കൃത പദാർത്ഥങ്ങൾ വനംവകുപ്പ് കാലാകാലം നിശ്ചയിക്കുന്ന വിലയ്ക്ക് നൽകുവാൻ കരട് കരാർ പത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഐ) കമ്പനി തുറന്ന് പ്രവർത്തിക്കുന്ന സമയത്ത് പുതിയ ഉൽപ്പന്നങ്ങൾ ഒന്നും ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ പുനരുദ്ധാരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പൾപ്പും ഫൈബറും ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു.

(ജെ) കമ്പനി എന്ന് തുറന്ന് പ്രവർത്തിക്കുമെന്ന് കൃത്യമായി ഇപ്പോൾ പറയാൻ കഴിയില്ല.

പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ മാനേജ്മെന്റ്

28 [2155] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് എന്ന് ആരംഭിച്ചു; ആരായിരുന്നു അതിന്റെ ഉടമസ്ഥർ; ഉടമസ്ഥർക്ക് എത്ര ഭൂമിയുണ്ടായിരുന്നു; എത്ര രൂപ മുതൽ മുടക്കിയാണ് ഇത് ആരംഭിച്ചത് എന്നും എത്ര തൊഴിലാളികൾക്ക് ജോലി ലഭിച്ചെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്നുമുതലാണ് ഈ സ്ഥാപനത്തിന്റെ മാനേജ്മെന്റ് മാറിയത്; മാനേജ്മെന്റ് മാറ്റസമയത്തോ അതിനുശേഷമോ ആരുടെയെങ്കിലും ഷെയർ വർദ്ധിപ്പിക്കുകയോ വിൽക്കുകയോ പുതിയ ഷെയർഹോൾഡേഴ്സും വരുകയോ ചെയ്തിട്ടുണ്ടോ; അപ്രകാരം എത്ര രൂപയുടെ ഷെയർ വിറ്റു; ആരെല്ലാം എത്ര രൂപയുടെ ഷെയർ വാങ്ങി എന്ന് വ്യക്തമാക്കാമോ; മാനേജ്മെന്റ് മാറ്റസമയത്ത് ഈ കമ്പനിയുടെ ലാഭനഷ്ടകണക്ക് എത്രയാണ്; കമ്പനി ആർക്കെല്ലാം എത്രരൂപ വീതം കൊടുത്തു തീർക്കാനുണ്ടായിരുന്നു എന്നു അറിയിക്കാമോ;

(സി) കമ്പനി ഇരിക്കുന്ന സ്ഥലം ആരുടേതാണെന്നും എന്തു വ്യവസ്ഥ പ്രകാരം ആണ് പാട്ടത്തിന് കമ്പനിക്ക് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കമ്പനിയുടെ മാനേജ്മെന്റ് മാറ്റം എങ്ങനെയാണ് നടന്നത്; പുതിയ മാനേജ്മെന്റ് ആയി വന്നത് ആരെല്ലാമാണ്; ഏതു വ്യവസ്ഥയിലാണ് പുതിയ മാനേജ്മെന്റ് കമ്പനി ഏറ്റെടുത്തത് എന്ന് വ്യക്തമാക്കാമോ;

(ഇ) പുതിയ മാനേജ്മെന്റ് ഏറ്റെടുത്തതുമുതൽ സംസ്ഥാന ഗവൺമെന്റ് എത്ര രൂപ എന്തു വ്യവസ്ഥയിൽ ഈ കമ്പനിക്ക് നൽകിയിട്ടുണ്ട് എന്നും മറ്റ് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും എത്ര രൂപ കടം ഈ കമ്പനി വാങ്ങിയിട്ടുണ്ടെന്നും അതിൽ ഏതെല്ലാം സ്ഥാപനത്തിനു എത്ര രൂപ വീതം ഗവൺമെന്റ് ഗ്യാരണ്ടി കൊടുത്തിട്ടുണ്ട് എന്നും ഈ കമ്പനിക്ക് ഇപ്പോൾ എത്ര രൂപ ആർക്കെല്ലാമായി കൊടുത്ത് തീർക്കാനുണ്ടെന്നും ഇത് കൊടുത്തുതീർക്കാൻ ഗവൺമെന്റിന് കിട്ടാനുള്ള പണം എങ്ങിനെ ഈടാക്കി എടുക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് 1946-ൽ ആരംഭിച്ചു. പഴയ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ പങ്കാളിത്തത്തോടെ മദ്രാസിലെ എം. സി. റ്റി. എം. ഗ്രൂപ്പ് ആണ് കമ്പനി ആരംഭിച്ചത്. സംസ്ഥാന സർക്കാർ തന്നെയായിരുന്നു ഏറ്റവും വലിയ ഓഹരി ഉടമ. ഫാക്ടറി സ്ഥിതിചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥർ കേരള സർക്കാർ ആണ്. കമ്പനി പരമാവധി 1923 തൊഴിലാളികൾക്ക് (1993-ൽ) നേരിട്ട് ജോലി കൊടുത്തിരുന്നു.

(ബി) കമ്പനിയിൽ നാളിതുവരെ മാനേജ്മെന്റ് മാറ്റം ഉണ്ടായിട്ടില്ല. 1985-ൽ കമ്പനിയുടെ പ്രവർത്തനം പ്രതിസന്ധിയിലാവുകയും ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കുകയും അതിൻപ്രകാരം എം.സി.റ്റി.എം. ഗ്രൂപ്പിന് കമ്പനിയുടെ ഭരണത്തിൽ കാതലായ യാതൊരു പങ്കും ഇല്ലാതാവുകയും ചെയ്തു. കമ്പനിയുടെ മുഖ്യ ഓഹരി ഉടമ എന്ന നിലയിൽ കേരള സർക്കാർ പ്രമോട്ടറായി പ്രവർത്തിക്കുകയായിരുന്നു. സർക്കാർ നൽകിയ ധനസഹായം ഓഹരിയായി മാറ്റിയതിനെതുടർന്ന് സർക്കാരിന്റെ ഓഹരി വിഹിതം വർദ്ധിച്ചിട്ടുണ്ട്. കൂടാതെ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി പലിശയ്ക്ക് പകരമായി കമ്പനിയുടെ 15 ശതമാനം ഷെയറുകൾ 67,49,300 രൂപയ്ക്ക് നൽകിയിട്ടുണ്ട്. ഇതല്ലാതെ മറ്റ് ഷെയർ കൈമാറ്റം ഒന്നും നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്പനി സ്ഥിതിചെയ്യുന്ന സ്ഥലം സർക്കാരിന്റേതാണ്. ഈ സ്ഥലം 1946 മുതൽ എഗ്രിമെന്റ് അനുസരിച്ചുള്ള വ്യവസ്ഥകൾക്ക് വിധേയമായി കമ്പനിക്ക് പാട്ടത്തിന് നൽകിയിരിക്കുകയും കാലാകാലത്ത് പുതുക്കുകയും ചെയ്തുവരികയാണ്.

(ഡി) കമ്പനിയിൽ നാളിതുവരെ മാനേജ്മെന്റ് മാറ്റം നടന്നിട്ടില്ല.

(ഇ) കമ്പനിയിൽ നാളിതുവരെ മാനേജ്മെന്റ് മാറ്റം ഉണ്ടായിട്ടില്ല. സംസ്ഥാന സർക്കാർ പ്രമോട്ടറുടെ വിഹിതമായി 129 ലക്ഷം രൂപയും പലിശരഹിത വായ്പയായി 275 ലക്ഷം രൂപയും കെ. എസ്. ഐ. ഡി. സി. മുഖാന്തിരം വായ്പയായി 1175 ലക്ഷം രൂപയും കെ. എം. എം. എൽ. മുഖാന്തിരം വായ്പയായി 80 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും സർക്കാർ ഗ്യാരണ്ടി നൽകി വാങ്ങിയിട്ടുള്ള വായ്പകളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

ബാങ്കുകൾ	..	2469	ലക്ഷം രൂപ
ധനകാര്യ സ്ഥാപനങ്ങൾ	..	566	,,
കേരള ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ്	..	90	,,

കമ്പനിക്ക് ഇപ്പോഴുള്ള കടബാദ്ധ്യതയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ബാങ്കുകൾ	..	3025	ലക്ഷം രൂപ
ധനകാര്യ സ്ഥാപനങ്ങൾ	..	3536	,,
കെ. എസ്. ഐ. ഡി. സി.	..	1974	,,
ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ്	..	539	,,
കേരള സർക്കാർ	..	275	,,
കെ. എം. എം. എൽ.	..	178	,,
ആകെ	..	9527	,,

കമ്പനിഏറ്റെടുക്കുവാനായി ഒരു പുതിയ പ്രമോട്ടർ മുന്നോട്ട് വന്നിട്ടുണ്ട്. പ്രസ്തുത പ്രമോട്ടർ കമ്പനി ഏറ്റെടുക്കുകയാണെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പ്രക്രിയയിലൂടെ (One Time Settlement) കമ്പനിയുടെ കടബാദ്ധ്യതകൾ തീർപ്പാക്കുന്നതാണ് എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

അടുത്തില വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച തുക

29 [2156] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ അടുത്തില വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 26-3-1997-ലെ എച്ച്. എൽ. സി. 3/10194/96-ാം നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് പാക്കേജ് പദ്ധതി അനുസരിച്ച് 4,43,000 രൂപ അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly